# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഇരിങ്ങൽ യു.പി സ്കൂൾ

2025 - 26



# ആമുഖം

നമ്മുടെ വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും സമഗ്ര വികാസമാണ് 2025-26 അധ്യയന വർഷത്തിൽ നാം ലക്ഷ്യമിടുന്നത്. ഓരോ കുട്ടിയും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന, അതാത് ക്ലാസിൽ നേടേണ്ട പഠനനേട്ടങ്ങളോടൊപ്പം കുട്ടികളുടെ അറിവിനേയും കഴിവിനേയും താത്പര്യത്തേയും പ്രോത്സാഹിപ്പിക്കാനുള്ള അവസരം ഒരുക്കും. സമഗ്ര ഗുണമേന്മാ പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ നിർദേശങ്ങളും പ്രവർത്തനങ്ങളും നടപ്പിലാക്കി വിദ്യാലയത്തിന്റെ ഗുണമേന്മ ഉയർത്തുകയും ചെയ്യണം.

പോയ വർഷങ്ങളിലെല്ലാം തന്നെ സബ്ജില്ലയിൽ നടത്തി വരുന്ന പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങളിലെല്ലാം തന്നെ മികച്ച വിജയം കൈവരിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ഗണിതശാസ്ത്ര മേളയിലും, പ്രവൃത്തി പരിചയ മേളകളിലും തുടർച്ചയായി സബ്ജില്ലാതലത്തിൽ ഒന്നാം സ്ഥാനം കൈവരിക്കുകയും ശാസ്ത്ര സാമൂഹ്യശാസ്ത്രമേളകളിലും മുൻനിരയിൽ സ്ഥാനം ഉറപ്പിക്കാൻ നമുക്കായിട്ടുണ്ട്. കലോത്സവ മേളകളിലും വിദ്യാലയം പുറകിലല്ല. കഴിഞ്ഞ LSS, USS പരീക്ഷകളിൽ 15 കുട്ടികൾ LSS 12 കുട്ടികൾ USS നേടി.

മികച്ച ഭൗതിക സാഹചര്യം സ്കൂളിനുണ്ട്. ക്ലാസുകളിൽ മിക്കതും Smart class കളാണ്. കുട്ടികൾക്ക് അനുയോജ്യമായ പഠനതന്ത്രങ്ങളും പഠനോപകരണങ്ങളും ഉപയോഗിച്ച് അധ്യാപകർ ക്ലാസുകൾ കൈകാര്യം ചെയ്യുന്നുണ്ട്. എങ്കിലും എല്ലാ ക്ലാസുകളിലും പഠനപിന്നോക്ക അവസ്ഥയുള്ള കുട്ടികളുണ്ട്. കഴിഞ്ഞവർഷം മാതൃഭാഷയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള master plan ആയിരുന്നു ആസൂത്രണം ചെയ്തത്. ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിരുന്നു. എങ്കിലും നൂറു ശതമാനം ഫലപ്രാപ്തിയിലെത്താൻ നമുക്ക് സാധിച്ചിട്ടില്ല. പ്രത്യേകിച്ചും ഭാഷാപരമായി (എഴുത്തും വായനയും) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സൂക്ഷ്മതല ആസൂത്രണം നടത്തി മികച്ച പഠനപിന്തുണ പ്രവർത്തനങ്ങൾ (മലയാളത്തിലുള്ള) നൽകിയിരുന്നെങ്കിലും രക്ഷിതാക്കളുടെ ഭാഗത്തുനിന്ന് സഹകരണം കുറവായിരുന്നു. ക്ലാസ് പി.ടി.എ കളിലും മറ്റും ഇത്തരം കുട്ടികളുടെ രക്ഷിതാക്കളുടെ സാന്നിധ്യം പോലും കുറവാണ് എന്നതാണ് വാസ്തവം. അതിഥിതൊഴിലാളികളുടെ കുട്ടികളുടെ കാര്യത്തിലും അവസ്ഥ മറ്റൊന്നല്ല. എല്ലാത്തിനു-

മുവരി സമയപരിമിതിയും വലയ്ക്കുന്ന ഒന്നാണ്. കല, പ്രവൃത്തി
പരിചയമേള തുടങ്ങിയവയിൽ കുട്ടികൾക്ക് മതിയായ പരിശീലനം
നൽകുന്നുണ്ടെങ്കിലും കായികത്തിൽ സ്കൂളിലെ സ്ഥലപരിമിതി
മൂലം വേണ്ടത്ര ശോഭിക്കാൻ സാധിക്കുന്നില്ല. എന്നാൽ ഈ വർഷം
മുതൽ സുംബ ഡാൻസ് പോലുള്ളവ ഒരുപരിധിവരെ കുട്ടി
കളുടെ കായികക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും. IT പഠന
ത്തിന് മെച്ചപ്പെട്ട സൗകര്യമൊരുക്കാൻ പി.ടി.എയുടെ സഹാ
യത്തോടെ കൂടുതൽ facilities ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്.

# പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന കുട്ടി പാഠ്യപദ്ധതി ലക്ഷ്യമിട്ട നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.
* എല്ലാ കുട്ടികൾക്കും ഭാഷകളിലും മറ്റ് വിഷയങ്ങളിലും ഉള്ള പഠനനിലവാരം അതത് അവസരങ്ങളിൽ മനസ്സിലാക്കി ആവശ്യമായ പഠനപിന്തുണ യഥാസമയം നൽകുക
* 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന രീതിയിൽ സ്കൂൾ ക്യാമ്പസിനെ മാറ്റുക
* കല, പ്രവൃത്തി പരിചയം, ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക.
* സാങ്കേതിക വിദ്യാ സൗഹൃദ വിദ്യാലയമാക്കുക.

പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം
* മാലിന്യ നിർമാർജന അവബോധം എന്നീ പൊതു ധാരണകൾ ഊന്നി ഉറപ്പിക്കുക.

# വിഷയമേഖല - മലയാളം

## ലക്ഷ്യം 1

എല്ലാവർക്കും എഴുത്തും വായനയും

ഉപലക്ഷ്യങ്ങൾ

- എഴുത്തിലും വായനയിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക
- കുട്ടികളെ മികച്ച എഴുത്തുകാരനും വായനക്കാരനുമാക്കുക

പ്രവർത്തനങ്ങൾ

- ഡയറി
- പത്രവാർത്ത തയ്യാറാക്കൽ , അവതരണം
- വായന കുറിപ്പ് തയ്യാറാക്കൽ
- പുസ്തക ചർച്ച, വായനാനുഭവം പങ്കുവയ്ക്കൽ
- ആസ്വാദന കുറിപ്പ് തയ്യാറാക്കൽ
- വായന മുറി / ക്ലാസ് ലൈബ്രറി ഒരുക്കൽ
- സ്കൂൾ ലൈബ്രറി ഉപയോഗപ്പെടുത്തൽ / ക്ലാസദ്ധ്യാപകർ മുഖേന
- പിറന്നാളിനൊരു പുസ്തകം ലൈബ്രറിയിലേക്ക്

## ലക്ഷ്യം 2

എല്ലാ കുട്ടികളിലും ഭാഷയിലെ ഉയർന്ന ശേഷികൾ (സർഗാത്മകത കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക.

ഉപലക്ഷ്യങ്ങൾ

- ഓരോ യൂണിറ്റുമായും ബന്ധപ്പെട്ട് സമഗ്രാസൂത്രണം, സൂക്ഷ്മാസൂത്രണം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കുക.
- ഓരോ ക്ലാസിലും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന വിധത്തിൽ വ്യവഹാര രൂപങ്ങൾ സ്വായത്തമാക്കാൻ വൈവിധ്യമാർന്ന അവസരമൊരുക്കുക.
- സർഗാത്മക പ്രകടനങ്ങൾക്കുള്ള അവസരം പരിപോഷിപ്പിക്കുക (വിദ്യാരംഗം കലാ സാഹിത്യ വേദി, വിവിധ ക്ലബ്ബുകൾ)

പ്രവർത്തനങ്ങൾ

- വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ
- സർഗവേളകൾ (എല്ലാ ആഴ്ചയിലും - വെള്ളി)
- സ്കൂൾ പത്രം, ക്ലാസ് പത്ര നിർമാണം.
- വിവിധ മത്സരങ്ങൾ (അടിക്കുറിപ്പ് , സ്കിറ്റ് ... )

- പഠനോത്സവങ്ങൾ
- പതിപ്പ്, ചുമർ പത്രിക
- കൈയെഴുത്ത് മാസിക നിർമാണം
- സർഗാത്മക സൃഷ്ടികൾ അച്ചടി മാസികകളിലൂടെ പ്രകാശിപ്പിക്കുക
- അസംബ്ലിയിൽ അവതരിപ്പിക്കുക.

ലക്ഷ്യം 3

മാതൃഭാഷയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക.

ഉപലക്ഷ്യങ്ങൾ

- ഓരോ ക്ലാസിനും യോജിച്ച സൂക്ഷ്മതല പ്രക്രിയ തയ്യാറാക്കുന്നു.
- പരിഹാര പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

രക്ഷിതാക്കളുടെ സഹകരണം ഉറപ്പുവരുത്തുക.

പ്രവർത്തനങ്ങൾ

- പ്രീടെസ്റ്റ്      മലയാളത്തിളക്കം.
- അക്ഷരം ഉറപ്പിക്കൽ
- ചിഹ്നങ്ങൾ ഉറപ്പിക്കൽ
- അക്ഷരകാർഡ്, പദകാർഡ്, വാക്യനിർമാണം
- ചിത്രവായന
- ICT, സാങ്കേതിക വിദ്യ ഉപയോഗം.
- അമ്മമാർക്ക് ബോധവത്കരണം
- പോസ്റ്റ് ടെസ്റ്റ്.
- ലൈബ്രറി. വായനാ മൂല ഒരുക്കൽ / വിപുലീകരണം

നിർവഹണ ചുമതല

ലൈബ്രറി ചുമതലയുള്ള അധ്യാപകർ, വിദ്യാരംഗം കൺവീനർ

മോണിറ്ററിംഗ്

HM, SRG കൺവീനർ, PTA, MPTA പ്രതിനിധികൾ, വിദ്യാർത്ഥികൾ (സഭ നമ്പറി)

ധനകാര്യ വിശകലനം

ലൈബ്രറി നവീകരണം - 10000

പുസ്തകങ്ങൾ, പത്രങ്ങൾ വാങ്ങുന്നതിന് -10000

Total - 2000

# പ്രവർത്തന കലണ്ടർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവർക്കും എഴുത്തും വായനയും | വായന മുറി ഒരുക്കൽ<br>പത്രവാർത്ത<br>ഡയറി<br>പുസ്തക പ്രദർശനം<br>വായന കുറിപ്പ് തയ്യാറാക്കൽ<br>പുസ്തക ചർച്ച, വായനാനുഭവം<br>ആസ്വാദന കുറിപ്പ് | മധ്യകാലം<br>ദിവസവും<br>ആഴ്ച്ചകൾ | ലൈബ്രറി ചുമതലയുള്ള അധ്യാപകർ<br>ക്ലാസധ്യാപകർ<br>(ഭാഷ അധ്യാപകർ) | PTA<br>രക്ഷിതാക്കൾ |
| എല്ലാ കുട്ടികളും ഭാഷയിലെ സർഗാത്മക ശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പു വരുത്തുക | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടൽ<br>സർഗവേളകൾ<br>ചുവർപത്രിക<br>പതിപ്പ്<br>കയ്യെഴുത്ത് മാസിക<br>അച്ചടി മാഗസിൻ | ദീർഘകാലം<br>ആഴ്ച്ചയിൽ<br>വർഷത്തിലൊരിക്കൽ | ഭാഷാ അധ്യാപകർ<br>വിദ്യാരംഗം<br>PTA | PTA |
| ഭാഷയിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുക. | പ്രീടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>ചിത്രവായന<br>ICT<br>ബോധവത്കരണം<br>പോസ്റ്റ് ടെസ്റ്റ് | ഹ്രസ്വകാലം<br>പ്രതിദിനം<br>"<br>മാസത്തിലൊരിക്കൽ | | |

## വിഷയമേഖല - ഇംഗ്ലീഷ്

### ലക്ഷ്യം 1

ഇംഗ്ലീഷിൽ ഏതു സന്ദർഭത്തിലും ആശയവിനിമയം നടത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക (speaking)

### പ്രവർത്തനങ്ങൾ

- പരമാവധി ഇംഗ്ലീഷിൽ സംസാരിക്കാനുള്ള അവസരം നൽകുക (ക്ലാസ് റൂം, lunch, ...)
- English club
- English assembly
- School Radio
- English theatre
- Digital reading

### ലക്ഷ്യം 2

വായനയ്ക്കും വ്യത്യസ്ത വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്താനും സജ്ജരാക്കുക.

### പ്രവർത്തനങ്ങൾ

- ഇംഗ്ലീഷ് പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവ വായിക്കാൻ പ്രോത്സാഹിപ്പിക്കുക
- picture reading അതിനുശേഷം picture description അവസരം നൽകുക.
- Ee cube പ്രവർത്തനങ്ങൾ
- Reading cards ഉപയോഗപ്പെടുത്തുക.
- ICT സാധ്യതയുടെ ഉപയോഗപ്പെടുത്തൽ
- Reading competition
- Vocabulary increase ചെയ്യാനായി ദിവസവും ഒരു word പഠിപ്പിക്കുക
- Digital reading
- ദിനാചരണങ്ങൾ ഉപയോഗപ്പെടുത്തൽ

# പ്രവർത്തന കലണ്ടർ

| No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| | ഇംഗ്ലീഷിൽ ഏതു സന്ദർഭത്തിലും ആശയവിനിമയം നടത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക. | Situations create ചെയ്യൽ | ഹ്രസ്വകാലം<br>പ്രതിദിനം | English അധ്യാപകർ | PTA |
| | | English club | ആഴ്ചയിൽ | SRG. | |
| | | Assembly | ആഴ്ചയിൽ | | |
| | | FM radio | പ്രതിദിനം | | |
| | | English theatre | | | |
| | ഇംഗ്ലീഷിൽ വായനയ്ക്കും വ്യത്യസ്ത വ്യവഹാരരൂപങ്ങളിൽ രചനകൾ നടത്താനും സജ്ജരാക്കുക. | വായന പ്രോത്സാഹിപ്പിക്കുക. ( books, മാസികകൾ പത്രങ്ങൾ... ) | ദിവസവും<br>ദീർഘകാലം | English teachers | |
| | | Picture reading | പ്രതിദിനം | | |
| | | Picture description | | | |
| | | E cube (. | ആഴ്ചയിൽ | | |
| | | ICT സാധ്യത ഉപയോഗപ്പെടുത്തൽ | | | |
| | | Digital reading. | മാസത്തിൽ | | |
| | | ദിനാചരണങ്ങൾ | | | |

## വിഷയമേഖലകൾ – ഹിന്ദി, സംസ്കൃതം, അറബിക്, ഉറുദു

### ലക്ഷ്യം.

മാതൃഭാഷയോടൊപ്പം തന്നെ ഉപഭാഷകളിലും ആശയവിനിമയം നടത്താനും സർഗാത്മക രചനകൾ നടത്താനും പ്രാപ്തരാക്കുക.

### ഉപകരണങ്ങൾ

അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള സൂക്ഷ്മാസൂത്രണം നടപ്പിലാക്കുക സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാനുള്ള അവസരം ഒരുക്കുക -

### പ്രവർത്തനങ്ങൾ

- അക്ഷരകാർഡ്
- പദകാർഡ്, വാക്യകാർഡ്
- ചിത്രപുസ്തകങ്ങൾ ഒരുക്കുക.
- ദൈനംദിന ക്ലാസ് റൂമിൽ ആശയവിനിമയത്തിനുള്ള അവസരം നൽകൂ
- Videos പ്രദർശിപ്പിക്കൽ
- ക്വിസ്സുകൾ
- ഈ ഭാഷകളിലുള്ള പുസ്തകങ്ങൾ, മാസികകൾ എന്നിവ ലഭ്യമാക്കുകയും വായിക്കാൻ പ്രോത്സാഹിപ്പിക്കുക.
- റോൾപ്ലേ, സ്കിറ്റ്
- ICT സാങ്കേതിക വിദ്യയുടെ ഉപയോഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മാതൃഭാഷയോടൊപ്പം തന്നെ ഉപഭാഷകളിലും ആശയ വിനിമയം നടത്താനും സർഗാത്മക രചനകൾ നടത്താനും പ്രാപ്തരാക്കുക. | | മധ്യകാലം | ഭാഷ അധ്യാപകർ<br>SRG. | PTA |
| അക്ഷരങ്ങൾ ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | അക്ഷരകാർഡ്<br>പദകാർഡ്<br>വാക്യകാർഡ്<br>ചിത്ര പുസ്തകങ്ങൾ<br>ആശയവിനിമയത്തിനുള്ള സന്ദർഭം ഒരുക്കൽ<br>വീഡിയോ പ്രദർശനം<br>ക്വിസുകൾ<br>റോൾപ്ലേ, സ്കിറ്റ്<br>ICT | പ്രാരംഭകാലം | | |

# വിഷയമേഖല ശാസ്ത്രം

## ലക്ഷ്യം

ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക

### പ്രവർത്തനങ്ങൾ

- ശാസ്ത്ര ക്ലബ്
- പ്രദർശനങ്ങൾ
- സയൻസ് കോർണർ
- ശാസ്ത്ര ലാബ്
- പരീക്ഷണങ്ങൾ
- ശാസ്ത്രോപകരണ നിർമ്മാണം
- ശാസ്ത്ര മാഗസിൻ
- സർവ്വേ, പ്രൊജക്ട്

## ലക്ഷ്യം 2

ശാസ്ത്ര പ്രക്രിയാശേഷികളിലൂടെ ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം ഇവ വളർത്തുക.

### പ്രവർത്തനങ്ങൾ

- നിരീക്ഷണത്തിന് അവസരമൊരുക്കുക
- പ്രകൃതി പഠന യാത്രകൾ / field trip
- ലഘുപരീക്ഷണ മൂലകൾ
- വിവിധ ക്ലബ്ബുകൾ
- ജൈവവൈവിധ്യ ഉദ്യാനത്തെ പ്രയോജനപ്പെടുത്തൽ
- പട്ടികപ്പെടുത്തൽ
- model നിർമ്മാണം (working, still)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനത്തിൽ താത്പര്യം വളർത്തുക. | ശാസ്ത്ര ക്ലബ്ബ് | ദീർഘകാലം | ശാസ്ത്രാധ്യാപകർ | PTA |
| | പ്രദർശനങ്ങൾ | ഓരോ Term. | SRG. | |
| | സയൻസ് കോർണർ | | | |
| | ശാസ്ത്രലാബ് പരീക്ഷണങ്ങൾ | | | |
| | ശാസ്ത്രോപകരണ നിർമ്മാണം | | | |
| | ശാസ്ത്രമാഗസിൻ | വർഷത്തിലൊരിക്കൽ | | |
| | സർവ്വേ, പ്രോജക്ട് | | | |
| പ്രക്രിയാശേഷി വികാസത്തിലൂടെ ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എവ വളർത്തുക | പ്രകൃതിപഠനയാത്രകൾ | ഹ്രസ്വകാലം | SRG. | |
| | ~~[illegible]~~ ലഘുപരീക്ഷണങ്ങൾ | | ശാസ്ത്രാധ്യാപകർ | PTA |
| | Eco club. | | | |
| | ജൈവവൈവിധ്യ ഉദ്യാനത്തെ പോഷിപ്പിച്ചെടുക്കൽ | ദീർഘകാലം | | |
| | Model നിർമ്മാണം | ആവശ്യാനുസരണം | | |

## വിഷയം - ഗണിതം

ലക്ഷ്യം

അടിസ്ഥാന ഗണിതക്രിയകൾ സ്വായത്തമാക്കുകയും ഗണിതത്തെ

നിത്യജീവിതവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

- ഗണിത ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ
- ശിൽപശാല
- പ്രോജക്ടുകൾ
- സെമിനാറുകൾ
- സംഖ്യാബോധം ഉറപ്പിക്കാനുള്ള പ്രവർത്തനങ്ങൾ (LP)
- ഗണിത കിറ്റ് (മഞ്ചാടി, കല്ലുകൾ, ...)
- മറ്റ് പഠനോപകരണങ്ങൾ
- അബാക്കസ് നിർമ്മാണം (മുത്തുകൾ, മൂടികൾ)
- വിവിധ ഗണിതരീതികൾ പരിചയപ്പെടുത്തൽ (ഒന്നുമുതൽ
- ഗുണനപട്ടിക സ്വായത്തമാക്കുക.
- ICT സാധ്യതകൾ ഉപയോഗപ്പെടുത്തൽ.
- ഗണിതകേളികൾ (പസ്സിൽ ...
- ക്വിസ്
- നിത്യജീവിതത്തിലെ സന്ദർഭങ്ങൾ ക്ലാസ് മുറികളിൽ ആവിഷ്കരിക്കൽ
- പാറ്റേൺ നിർമ്മാണം
- ഗണിത കളികൾ

| വിഷയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ സ്വായത്തമാക്കുക, ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുകയും ചെയ്യുക | ശിൽപശാല (കുട്ടികൾക്കും രക്ഷിതാക്കൾക്കും)<br>പ്രോജക്ടുകൾ<br>സെമിനാറുകൾ<br>ഗണിതകിറ്റ്<br>മറ്റ് പഠനോപകരണ നിർമ്മാണം.<br>അബാക്കസ് നിർമ്മാണം.<br>വിവിധ ഗണിതരീതികൾ പരിചയപ്പെടുത്തൽ<br>പാറ്റേൺ നിർമ്മാണം<br>ഗണിതകേളികൾ<br>ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ | മധ്യകാലം<br>വർഷത്തിലൊരിക്കൽ (രക്ഷിതാക്കൾക്ക്)<br>ഗണിതക്ലാസുകളിൽ | SRG<br>ഗണിത അധ്യാപകർ | PTA |

# വിഷയമേഖല - സാമൂഹ്യശാസ്ത്രം

**ലക്ഷ്യം**

നമ്മുടെ രാജ്യം, സംസ്ഥാനം തുടങ്ങിയവയെ കുറിച്ചുള്ള അവബോധം

ജനാധിപത്യ ജീവിതസംസ്കാരം വളർത്തിയെടുക്കുക

**പ്രവർത്തനങ്ങൾ**

- രാജ്യത്തെ അറിയാം - ഇന്ത്യയുടെ നാനാത്വത്തിൽ ഏകത്വം.
- ചരിത്രം (സ്വാതന്ത്ര്യസമരം) എന്നിവയെക്കിച്ച് ധാരണ
- വിവരശേഖരണം
- സ്വാതന്ത്ര്യസമര സേനാനികളെ പരിചയപ്പെടുത്തൽ
- ദേശഭക്തി ഗാനങ്ങൾ അവതരണം
- ദേശീയചിഹ്നങ്ങൾ പരിചയപ്പെടുത്തൽ
- കേരള ചരിത്രം, ജില്ലകൾ
- ക്വിസ്
- ദിനാചരണങ്ങൾ (സ്വാതന്ത്ര്യദിനം, അധ്യാപകദിനം, കേരള പിറവി ദിനം . . . )
- ചർച്ചകൾ, അഭിമുഖങ്ങൾ
- പഠനയാത്രകൾ
- ICT സാധ്യതകൾ (സ്വാതന്ത്ര്യസമര ചരിത്രം, ഇന്ത്യ . . . )
- സ്കൂൾ ജനാധിപത്യവേദി ശക്തിപ്പെടുത്തൽ. ഇതിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയ നാട്ടിൽ നടക്കുന്ന തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയപ്പെടുത്തുന്നതിനുള്ള അവസരമാക്കി മാറ്റുന്നു.

| വിഷയം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| നമ്മുടെ രാജ്യം, സംസ്ഥാനം തുടങ്ങിയവയെക്കുറിച്ചുള്ള അവബോധം | ഇന്ത്യൻ സംസ്ഥാനങ്ങൾ<br>പ്രത്യേകതകൾ<br>വീഡിയോ പ്രദർശനം<br>വിവര ശേഖരണം<br>സ്വാതന്ത്ര്യ സമരസേനാനികളെ പരിചയപ്പെടുത്തൽ<br>ദേശീയ ചിഹ്നങ്ങൾ<br>കേരളചരിത്രം<br>ജില്ലകൾ<br>ക്വിസ്<br>ദിനാചരണങ്ങൾ<br>ചർച്ചകൾ<br>പഠനയാത്രകൾ<br>ICT സാധ്യതകൾ | പ്രവൃത്തികാലം<br>വർഷത്തിലൊരിക്കൽ<br>പാഠഭാഗത്തിനനുസൃതം | SRG<br>സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA<br>രക്ഷിതാക്കൾ |
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കൽ | സ്കൂൾ election | പ്രവൃത്തികാലം<br>വർഷത്തിലൊരിക്കൽ | SRG<br>Social club | |

## വിഷയം - ICT

**ലക്ഷ്യം**

പഠനപ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുക.

**പ്രവർത്തനങ്ങൾ**

- വിഷയബന്ധിതമായി വീഡിയോ പ്രദർശിപ്പിക്കൽ.
- ഓരോ വിഷയമേഖലകളിലും ഈ സാധ്യതയെ പ്രയോജനപ്പെടുത്തൽ
  - ഗണിതം (ചതുഷ്ക്രിയകൾ)
  - ശാസ്ത്രം (വീഡിയോ
    ചിത്രങ്ങൾ
    വാർത്തകൾ)
  - ഭാഷ (സിനിമകൾ ....) തുടങ്ങിയവ.
- ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി
  - കലാവിദ്യാഭ്യാസത്തിൽ
  - പ്രവൃത്തി പരിചയം
  - ആരോഗ്യ കായിക വിദ്യാഭ്യാസം

## വിഷയം കലാപഠനം

### ലക്ഷ്യങ്ങൾ

കുട്ടികളിൽ കലാഭിരുചി വളർത്തുക.

കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.

### പ്രവർത്തനങ്ങൾ

- പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള സാധ്യതകൾ
- കവിതാലാപനം (ഈണം കണ്ടെത്തൽ..)
- റോൾപ്ലേ, സ്കിറ്റ്, നാടകം എന്നിവയ്ക്കുള്ള അവസരം ഒരുക്കൽ
- പാഠഭാഗത്തെ ആശയത്തെ ചിത്രരൂപത്തിലാക്കുക.
- കാർട്ടൂൺ
- സർഗവേളകൾ
- നൃത്താവിഷ്കാരം

## വിഷയം - പ്രവൃത്തി പരിചയം

**ലക്ഷ്യം**

എല്ലാ കുട്ടികളിലും പ്രവൃത്തിപരിചയ മേഖലകളിൽ താത്പര്യം ജനിപ്പിക്കുക.

**പ്രവർത്തനങ്ങൾ**

- കുട്ടികളുടെ താത്പര്യമേഖല തിരിച്ചറിയാനായി ക്ലാസ്തലത്തിൽ ഇത്തരത്തിലുള്ള നിർമാണപ്രവർത്തനങ്ങൾ നടത്തുക
- പാഠഭാഗവുമായി ബന്ധപ്പെട്ട് അവസരങ്ങൾ ഒരുക്കുക. ( ഒറിഗാമി. പാവനിർമാണം, vegetable printing...)
- സ്കൂൾതല മത്സരങ്ങൾ സംഘടിപ്പിക്കുക.

# വിഷയം - ആരോഗ്യ കായിക വിദ്യാഭ്യാസം

## ലക്ഷ്യം

എല്ലാ കുട്ടികളിലും നല്ല ആരോഗ്യശീലങ്ങൾ വളർത്തുന്നതോടൊപ്പം വ്യായാമം, കളികൾ എന്നിവയിലൂടെ കായികക്ഷമത ഉറപ്പു വരുത്തുക.

## പ്രവർത്തനങ്ങൾ

- നാടൻകളികൾ കളിക്കാനവസരം നൽകുക.
- നല്ല ആരോഗ്യ ശീലങ്ങളെക്കുറിച്ച് ഇടയ്ക്കിടെ ബോധവൽക്കരിക്കുക (സമഗ്രഗുണമേന്മാവിദ്യാഭ്യാസം-പൊതുധാരണകൾ)
- നല്ല ഭക്ഷണശീലങ്ങൾ പരിചയപ്പെടുത്തുക (noon meal)
- നല്ല ശീലങ്ങൾ പാലിക്കുന്നവർക്ക് പ്രോത്സാഹനം നൽകുക
- PET പീരിയഡുകൾ അധ്യാപകരുടെ നേതൃത്വത്തിൽ വിനിയോഗിക്കുക.
- കളിയുപകരണങ്ങൾ (സ്കൂൾ പരിമിതിക്കനുസരിച്ച്) സജ്ജമാക്കുക
- അടുത്തുള്ള സ്ഥലം ഉപയോഗപ്പെടുത്തി outdoor games ന് അവസരം നൽകുക.
- സുംബ ഡാൻസ് അധ്യാപകർ, ICT ഉപയോഗിച്ച് പരിശീലനം നൽകുക.
- കായിക മേളകൾ (ക്ലാസ്തലം, സ്കൂൾതലം)
- ബോധവൽക്കരണ ക്ലാസുകൾ നൽകുക (ആരോഗ്യം, ...)
- ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക.

# വിഷയം - ഹരിത വിദ്യാലയം

## ലക്ഷ്യം

വിദ്യാലയത്തിൽ മാലിന്യനിർമാർജ്ജനം സാധ്യമാക്കി ഹരിതവൽക്കരിക്കുക.

## പ്രവർത്തനങ്ങൾ

- മാലിന്യം നിർമാർജ്ജനം കൃത്യമായ രീതികളിൽ നടത്താനുള്ള നിർദ്ദേശം കൃത്യമായി നൽകുക
- ക്ലാസ് റൂമുകളിൽ നിന്നും തുടക്കം.
- പ്ലാസ്റ്റിക് പരമാവധി ഒഴിവാക്കുക (കർശനമായി നിർദ്ദേശം)
- ഉപയോഗിച്ച പേനകൾ pen booth ൽ നിക്ഷേപിക്കുക
- ആഴ്ച്ചയിലൊരിക്കൽ/മാസത്തിലൊരിക്കൽ ഡ്രൈഡേ
- പൂന്തോട്ട നിർമാണം
- പച്ചക്കറിത്തോട്ട നിർമാണം
- പിറന്നാളിന് sweets-ന് പകരം പൂച്ചെടി
- ജൈവ വൈവിധ്യ പാർക്ക് സംരക്ഷണം/പരിപാലനം
- ഹരിതസേന പ്രവർത്തനങ്ങൾ (രൂപീകരണം)

2025-26 സമഗ്ര ഗുണമേന്മ വർഷമാണ്. അതുകൊണ്ട് തന്നെ വിദ്യാലയത്തിലെ ഓരോ കുട്ടികളുടെയും സമഗ്രവികാസമാണ് ലക്ഷ്യമിടുന്നത്. അതിനുവേണ്ടി തയ്യാറാക്കിയ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാർഗരേഖയാണിത്. ഇതിൽ കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും വരാം. പ്രവർത്തനങ്ങൾ സമയബന്ധിതമായി സൂക്ഷ്മമായി നടപ്പിലാക്കുന്നത് ഓരോ അധ്യാപകന്റെയും കടമയാണ്.